എട്ടുവർഷങ്ങൾക്കുള്ളിൽ എത്രമാത്രം പ്രവേശനം സിദ്ധിച്ചു എന്നുനോക്കാം. ആദ്യമായി ഫ ഫ ലക്ഷത്തിൽപരം ജനങ്ങളുള്ള കുസ്ത്യാനികളുടെ കാര്യംതന്നെ നോക്കാം. ഒരു പേഷ്കാരും രണ്ടോ മൂന്നോ ഡിവിഷൻ അസിസ്റ്റൻറന്മാരും ഈ സമുദായങ്ങളിൽനിന്നുആദ്യംനിയമിച്ചു. ഇപ്പോഴും പേഷ്കാരായി ആരുമില്ല. ഡിവിഷൻ അസിസ്റ്റൻറന്മാർ ഉണ്ടായിരുന്നവർ പെൻഷൻപറഞ്ഞിരിക്കുന്നു. ഇപ്പോൾ ആ സ്ഥാനത്തും യാതൊരു കുസ്ത്യാനുമില്ല. കുസ്ത്യാനികളിൽ ആറുലക്ഷത്തോളം വരുന്നതും ഈ രാജ്യത്തെ വമ്പിച്ച ഏതു സമുദായത്തോടും കിടപിടിക്കത്തക്കതുമായ ഒരു സമുദായമാണ് ഞാനൽപ്പെട്ട കത്തോലിക്കാവിഭാഗം. ആസമുദായത്തിൽനിന്നു ആരെയെങ്കിലും മേൽപ്രസ്താവിച്ച ഏതെങ്കിലും സ്ഥാനങ്ങളിൽ നിയമിച്ചിട്ടുണ്ടോ? ഇല്ല. ന ം തഹശീൽദാരന്മാരുള്ളവരുടെ ഇടയിലും ആരുമില്ല. ര ം ന്ന പാവ്ത്യകാരന്മാരുള്ളവരിൽ ഒരേഒരാളുണ്ട്. ഡിവിഷൻകച്ചേരികളിലും താലൂക്കുകളിലും പകുതികളിലും ഇവരാൽ ആക്കും എത്തിനോക്കാൻപോലും സമ്മതിക്കുന്നില്ല. പേഷ്കാരന്മാരും തഹശീൽദാരന്മാരും കത്തോലിക്കരെ തീരെ നിയമിക്കയേ ഇല്ല. ഈ വകുപ്പിലെ ആയിരക്കണക്കിനുള്ള ഉദ്യോഗമെല്ലാം എന്നും സവർണ്ണരുടെ സ്വന്തസ്വത്തായിരിക്കണമെന്നാണ് അവർ വിചാരിക്കുന്നതെന്നുതോന്നും. ന ലക്ഷത്തോളമുള്ള മുഹമ്മദീയക്കും ആറരലക്ഷത്തിലധികമുള്ള ഈഴവക്കും മറു അവർണ്ണസമുദായങ്ങൾക്കും ഇതിൽ പറയത്തക്ക പ്രാതിനിധ്യമൊന്നും നല്കുന്നില്ല. കുംഭമാസത്തിൽ ഒരു മഴപെയ്താൽ അതു അസാധാരണ സംഭവമായി ആളുകൾ സന്തോഷത്തോടെ പറയും. അതുപോലെ അസമത്വസമുദായത്തിൽപെട്ട ഒരാളിനെ ഒരുദ്യോഗത്തിൽ നിയമിച്ചാൽ അതു പത്രക്കാരും പൊതുജനങ്ങളും അസാധാരണ സംഭവമായി പറഞ്ഞുകൊണ്ടിരിക്കും. മിസ്റ്റർ മാധവൻറെ നിയമനം നടന്നപ്പോൾ അങ്ങിനെയൊക്കെ ഉണ്ടായി. എന്നാൽ നൂറു നൂറു കണക്കിനു എത്ര എത്ര നിയമനങ്ങളാണ് സവർണ്ണരിൽനിന്നും റവന്യൂവകുപ്പിലും മറേറാരോന്നിലും നടക്കുന്നതു. അതിനെപ്പററി ഒരു പത്രത്തിലും അസാധാരണനിലയിൽ എടുത്തുപറയാറില്ല. മുൻസിഫായിരുന്ന മി: മാധവനെ ഡിവിഷനസിസ്റ്റൻറായിനിയമിക്കയുംഇപ്പോൾ അദ്ദേഹം ഒരു പേഷ്കാരുടെ ജോലി വഹിക്കുകയും ചെയ്യുന്നു. മറു വകുപ്പുകളിൽനിന്നു വരുന്നവക്കും അസമത്വസമുദായങ്ങളിൽപെട്ടവക്കും ഈ വകുപ്പിലെ കാര്യങ്ങൾ നടത്താൻ കഴിയുമെന്നു മിസ്റ്റർ മാധവൻറെനിയമനം തെളിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman]

റവന്യൂവകുപ്പിലെകാര്യങ്ങൾ അതിനു പുറത്തുനിന്നു നിയമിക്കുന്നവർക്കും നടത്തിക്കൊണ്ടുപോകാമെന്നു കാണിക്കുന്ന ഉദാഹരണങ്ങൾ വേറെയും ധാരാളമുണ്ട്. മുമ്പു ബ്രിട്ടീഷിൻഡ്യയിലെ സാമ്പത്തവകുപ്പിൽ ഇരുന്ന ആളാണ് ഇപ്പോഴത്തെ കമ്മീഷണർ എന്നു പറയുന്നു. അതുപോലെതന്നെ ഈ വകുപ്പിൽ ഡാക്ടർ പേഷ്കാരായിരുന്നിട്ടുണ്ട്. ജഡ്ജി പേഷ്കാരായിരുന്നിട്ടുണ്ട്. പേഷ്കാർ ജഡ്ജിയായിട്ടുമുണ്ട്. ഇതുകൊണ്ടൊന്നും കാര്യക്ഷമതയുടെ കുറവു വന്നിട്ടില്ലെങ്കിൽ ബാറിൽനിന്നും മറ്റും പേഷ്കാരായും തഹശീൽദാരായും നേരിട്ടു നിയമിക്കുന്നതുകൊണ്ടു യാതൊരുദ്ദേശ്യവുമില്ല. വക്കീലന്മാർ റവന്യൂകേസുകളുംനടത്തി പരിചയമുള്ളവരാണ്. ജഡ്ജിയേക്കാളും പേഷ്കാരേക്കാളും ഇവർ റവന്യൂവിൽ ശോഭിച്ചേക്കും. അസമതലസമുദായങ്ങളിൽപെട്ടവരെ താഴെനിന്നു ഉന്നതസ്ഥാനങ്ങളിലേക്കു ഉയർത്തിക്കൊണ്ടുവരുവാൻ അവിടെ ആരുമില്ല. അതുകൊണ്ടു പുറത്തുനിന്നുതന്നെ നിയമിക്കണം.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): ഏതു പേഷ്കാരാണ് ജഡ്ജിയായിരുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അതൊക്കെ മെമ്പർതന്നെ നോക്കി അറിഞ്ഞുകൊള്ളുക(ചിരി). അങ്ങിനെ ആക്കീട്ടില്ലെന്നു ഖണ്ഡിച്ചു പറഞ്ഞാൽ ഞാൻ ഉണ്ടെന്നു പേരുപറഞ്ഞുതെളിയിക്കാം. വെറുതേയുള്ള ചോദ്യോത്തരങ്ങളിൽ കളയാൻ എനിക്കു സമയമില്ല. പാവപ്പെട്ടകാരന്മാരേയും പുറത്തുനിന്നു നേരിട്ടുനിയമിക്കണം. ആ സ്ഥാനത്തേയ്ക്കു കേറിവരുന്നതിനു അക്കൌണ്ടന്മാരുമില്ല, നിയമിക്കുന്നുമില്ല. ഒരേവഗ്ഗക്കാർതന്നെ ആയാൽ അവർ മിക്കവാറും യോജിച്ചു് സ്വവഗ്ഗപ്രതിപത്തിയോടെ അനീതി പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നു പറയുന്നതു ഈവകുപ്പിലെസ്ഥിതി ശരിയെന്നുതെളിയിക്കും. ഇതിൽ ഇപ്പോൾ ശരിയായി കേൾപോരുംകേൾവിയുമില്ലാത്തവിധം കാര്യങ്ങൾ നടന്ന കാര്യങ്ങൾ അലങ്കോലപ്പെട്ടുന്നു. ഈ സ്ഥിതി ഒരു പരിഷ കൃതഗവണ്മെൻറിനു ഒരിക്കലും അനുവദിക്കാവുന്നതല്ല. ഇതെല്ലാം കണ്ടുകൊണ്ടു മൌനമായിരിക്കുന്നതിനു ഞങ്ങളുടെ കർത്തവ്യബോധം ഞങ്ങളെ തീരെഅനുവദിക്കുന്നില്ല.

കൃഷിക്കാരുമായി ഇടപെടേണ്ട ഒരു വകുപ്പാണ് റവന്യൂഡിപ്പാർട്ടുമെൻറു്. അതിലെ പല പടികളിലും ഒരേവർഗ്ഗക്കാർതന്നെയിരിക്കുന്നതുകൊണ്ടാണ് അധികം അഴിമതികൾ നടക്കുന്നതു്. മേലുദ്യോഗസ്ഥന്മാ

LIBRARY ARCHIVES Kerala Legislative Assembly

ക്കു കൃത്യബോധമുണ്ടെങ്കിൽതന്നെയും അവർ ആഫീസിലുള്ള കീഴ്ദ്യോഗസ്ഥന്മാർ പറയുന്ന അഭിപ്രായത്തെ ആസ്പദമാക്കി പ്രവർത്തിച്ചുകളയുന്നു എന്ന വാസ്തവം തുറന്നുപറയാതെതരമില്ല. ആഫീസുകളിലെ ഉദ്യോഗസ്ഥന്മാർതമ്മിൽ ക്രുട്ടുകെട്ടുണ്ടായിരിക്കും. പുറമേകാണുന്നതിനു വിപരീതമായ ഈ അടിഒഴുക്ക് അസമതാസമുദായങ്ങൾക്കു വലിയ ദോഷമാണ്. ഇങ്ങനെയാണ് കൈക്രുലിയും വർദ്ധിക്കുന്നതു്. റവന്യൂദേവസ്വം വിഭജനംതന്നെ അസമതാസമുദായക്കാരെ റവന്യൂ ഡിപ്പാർട്ടുമെൻറിൽ പ്രവേശിപ്പിക്കുന്നതിനാണല്ലോ.

MR. V. J. OOMMEN (*Commerce and Industry, North*): റവന്യൂദേവസ്വം വിഭജനം കഴിഞ്ഞിട്ടു എത്രവർഷമായി?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): എട്ടുവർഷത്തോളമായി. ഈ എട്ടുവർഷത്തിനിടയ്ക്കു പ്രാതിനിധ്യം കുറഞ്ഞവർഗ്ഗക്കാരിൽനിന്നും നിയമനം നടത്തിവരുന്നുണ്ടെന്നു മി: റാബിൻസൺ പറഞ്ഞതു ശരിയാണെങ്കിൽഅവരെ താലൂക്കു, ഡിവിഷൻ, പ്രകൃതി എന്നീ കച്ചേരികളിൽ കുറച്ചെങ്കിലും കാണണമല്ലോ. അവിടെഎങ്ങും ഇല്ലെങ്കിൽ ഇവർ എവിടെപോയിരിക്കുന്നു? കൌൺസിൽ ചോദ്യത്തിനു തന്നിട്ടുള്ള ഉദ്യോഗവർഗപട്ടികയും സിവിൽലീസ്റ്റും അനുഭവവും റാബിൻസൺ പറയുന്നതിനോടു തീരെയോജിക്കുന്നില്ല. മേലിലെങ്കിലും വർഗീയപ്രതിഷത്തിയോടുകൂടിയനിയമനാഴിമതികൾ നടക്കാതിരിക്കുന്നതിനു ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം. അതുഗവണ്മെൻറിന്റെ ഒഴിച്ചുകൂടാത്തധർമ്മമാണ്. സമഭാവനയോടുകൂടിയ ഭരണമാണ് പരിഷ്കൃതഭരണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എല്ലാവർഗ്ഗക്കാരായ ജനപ്രതിനിധികളും ഉദ്യോഗനിയമനം സംബന്ധിച്ചു ഖണ്ഡിതമായ ഒരു വ്യവസ്ഥചെയ്യണമെന്നു പറയുന്നു.

MR. V. CHELLAM PILLAI (*Tovala*): ഉദ്യോഗത്തിനു എത്രഅപേക്ഷകാം കൊടുത്തു? അതിൽ എത്രഅപേക്ഷകാം തള്ളിഎന്നറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഉദ്യോഗത്തിനു അപേക്ഷവരുമ്പോൾ ഓരോഉദ്യോഗസ്ഥനും മെമ്പർമാരെക്കൂടി അറിയിച്ചിരുന്നുവെങ്കിൽ കണക്കുപറയാമായിരുന്നു. അപേക്ഷകന്മാരുടേയും നിയമിക്കപ്പെട്ടവരുടേയും വർഗ്ഗംതിരിച്ചുള്ള ലിസ്റ്റു ഗസറ്റിൽ പ്രസിദ്ധംചെയ്യണമെന്നു ഞാൻ ഗവണ്മെൻറിനെ ഈസഭവഴി അറിയിച്ചിരുന്നു. അങ്ങിനെചെയ്തിരുന്നാലും അറിയാമായിരുന്നു. എ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman]

ങ്കിലും ധാരാളംപേർ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുണ്ടെന്നു എനിക്കറിയാം. അസമത്വസമുദായങ്ങൾ അധികമായി നിവസിക്കുന്ന ഒരു നിയോജകമണ്ഡലത്തിലെ മെംബറാണ് ഞാൻ. സാധാരണ ഒരാൾക്കു ഉദ്യോഗം കൊടുക്കണമെന്നു ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ പോയിപറയാറില്ല. എന്നാൽ അപേക്ഷകന്മാരില്ലായിരുന്നു എന്നുപറയാതിരിക്കുവാൻ ഞാൻ ചിലപ്പോഴൊക്കെ അങ്ങനെയും ചെയ്തിട്ടുണ്ട്. അസമത്വം അനുഭവിക്കുന്ന വർഗങ്ങളിലെ പരീക്ഷാവിജയികളായ ആളുകൾ നിബന്ധിച്ചാൽ ഞാൻചെന്നു അവരുടെ നിയമനക്കാര്യം ചിലഉദ്യോഗസ്ഥന്മാരോടു പറയാറുണ്ട്. എന്നാൽ ഈ വകുപ്പിനെസംബന്ധിച്ചു ഫലം മിക്കവാറും പൂജ്യമായിട്ടാണു് കാണാറു്. ഇപ്പോഴത്തെ പേഷ്കാരന്മാരുടെ ചിലവർഷങ്ങളിലെ നിയമനത്തിന്റെ വർഗംതിരിച്ചുള്ളകണക്കു ഞാൻഅനേകംതവണ ഈ കൌൺസിലിൽചോദിച്ചു. എന്തായാലും അതുവെളിയിൽ വരികയില്ല. അതുപട്ടിക വെളിയിൽവന്നാൽ ഭീമമായ അനീതിനടക്കുന്നുണ്ടെന്നുപ്രത്യക്ഷമാകും. ഈതരത്തിലുള്ള അനീതികളെനിത്തുന്നതിനുവേണ്ടി ഗവണ്മെൻറു എന്നാണു ഒരുങ്ങുന്നതെന്നറിഞ്ഞുകൂടാ. ചിലവർഗ്ഗക്കാരെ റവന്യൂവിൽനിയമിച്ചാൽ നികുതിപിരികയില്ലെന്നു ഗവണ്മെൻറു വിചാരിക്കുന്നുവോ എന്നുഗവണ്മെൻറിന്റെ ഈ വിഷയത്തിലുള്ള മൌനം കാണുമ്പോൾ തോന്നും. ഡിമാൻഡു നോട്ടീസിന്റെയും സ്ഥാവരജംഗമജപ്തികൾ തുടങ്ങിയുള്ള അനന്തരനടപടികളുടെയും ശക്തികൊണ്ടാണു നികുതിപിരിയുന്നതു. അല്ലാതെ അതു ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗീയനിലകൊണ്ടോ വളരെനാൾ താഴ്ത്തപ്പെടിയിൽ ജോലിനോക്കീട്ടുണ്ടെന്നുള്ള യോഗ്യതകൊണ്ടോ അല്ല. പരീക്ഷായോഗ്യതയുള്ളവർ എല്ലാവർഗങ്ങളിലുമുണ്ട്. നികുതിപിരിക്കുന്നതിനുള്ള പ്രാപ്തിയും മറെറല്ലാവിധത്തിലുള്ള എഫിഷ്യൻസിയും ഒരുവിഭാഗക്കാർക്കു മാത്രമുള്ളതല്ലല്ലോ.

റവന്യൂഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിനു ടെക്നിക്കലായ ജ്ഞാനം കൂടിവേണ്ടേഎന്നു ചിലർ ചോദിക്കുന്നു. അതിലേക്കു വേണ്ടതു സർവ്വെ മാത്രമാണു. അതും എല്ലാവക്കുംവേണ്ടാ. കുറച്ചുപേർക്കേവേണ്ടു. ഇപ്പോഴത്തെ തഹശീൽദാരന്മാരിൽ അധികംപേരെയും നിയമിച്ചശേഷം ഗവണ്മെൻറിൽനിന്നും പ്രത്യേകം സർവ്വെ പരിശീലിപ്പിക്കയാണ് ചെയ്തിട്ടുള്ളതു്. ക്ലാക്കുകാം, ഹെഡ് ക്ലാക്കുകാം, പേഷ്കാരന്മാർ, ഡിവിഷൻ അസിസ്റ്റൻറന്മാർ ഇവരിൽ സർവേപരിശീലിച്ചവർകുറയും. എന്നാൽ ഇപ്പോൾ സർവ്വെപരിശീലനം കഴിച്ചിട്ടുള്ള അസമത്വസമുദായ

LIBRARY ARCHIVES Kerala Legislative Assembly

ക്കാർ അപേക്ഷിച്ചാലും കൊടുക്കുന്നുണ്ടോ? ഇല്ല. നിയമനങ്ങളിൽമാത്രമല്ല മറെറല്ലാവിഷയങ്ങളിലും ഈ ഡിപ്പാർട്ടുമെൻറിൽ കണ്ടമാനം അഴിമതികൾ നടക്കുന്നുണ്ട്. പൊതുജനങ്ങളുടെ മുതൽകൊണ്ടു കൈകായ്പും ചെയ്യുന്ന ഗവണ്മെൻറു ഏതാനുംചില വക്കീലന്മാരെ മാത്രമേ ഈ വകുപ്പിൽ ഉദ്യോഗത്തിൽ നിയമിക്കുവാനുള്ള പ്രവൃത്തിമൂലം നിർബന്ധിച്ചുകൊണ്ടിരിക്കുന്നകാലത്തോളം ഇവയ്ക്കു പരിഹാരം ഉണ്ടാകുന്നതല്ലെന്നു ഖണ്ഡിച്ചുപറയാം. അതിനാൽ സകലസമുദായങ്ങളോടും സമഭാവനയോടെ വർത്തിക്കേണ്ട ഗവണ്മെൻറു ഈ വകുപ്പിൽ കുറേക്കാലത്തേക്കെങ്കിലും അസമതാസമുദായങ്ങളുടെ അവകാശത്തെ മുൻനിർത്തി നിയമനം നടത്തണമെന്നു ഖണ്ഡിതമായി ചട്ടംകെട്ടുകയും, ഗവണ്മെൻറുനേരിട്ടുതന്നെ ചിലനിയമനങ്ങളെങ്കിലും നടത്തി ദൃഷ്ടാന്തം നൽകുകയും, അതിനനുസരണമായി പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥന്മാരെ ശാസിച്ചു ശരിപ്പെടുത്തുകയും ചെയ്തു് അസമതാസമുദായങ്ങളുടെ അവകാശങ്ങൾക്കു രക്ഷയും അവരുടെ സങ്കടങ്ങൾക്കു പരിഹാരവും വരുത്തണമെന്നു ഞാൻ പബ്ലിക്കിനുവേണ്ടി ഗവണ്മെൻറിനെ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, it was not my intention to intervene in this debate at this late hour, but after hearing some of the members, I think that I will have to submit a few words regarding this motion. Sir, I have stated on previous occasions that I was not for communal representation but for efficiency and efficiency alone, but that since the Government accepted communal representation I had no quarrel with them. Sir, the only difficulty that appears to be evident from the discussion is that the apportionment of appointments is not proportionately given to all the communities. I pointedly asked a question to the Land Revenue Commissioner as to whether in the name of communal representation, any Division Assistant or Peishkar was recruited. I was not able to get an answer. But from certain other speeches I understand that Judges have become Peishkars and Munsiffs have become Division Assistants. Mr. Thanu Pillai said that a solution ought to be found out and made one or two suggestions. All that I have to say is that if the Government have made it a point to consider the case of communities who have wasted their lung power in either opposing communal representation or supporting communal representation, all that I would suggest is that the claims of those communities who have not wasted their lung power should also be considered.

MR. V. J. OOMMEN (*Commerce and Industry, North*): ഈ ഉപക്ഷേപത്തെസംബന്ധിച്ചു് നിവൃത്തിയുള്ളിടത്തോളം പറയാതെ കഴിച്ചുകൂട്ടാമെന്നാണു് ഞാൻ വിചാരിച്ചതു്. എന്നാൽ പലരും പറയുന്നതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

ഞാനും പറയാതിരിക്കുന്നതു നല്ലതല്ലെന്നു വിചാരിച്ചാണു് അതിനെപ്പറ്റി പറയാൻ ഉദ്ദേശിക്കുന്നതു്. ഫർവ 8-ൽ മി:രാഘവയ്യായുടെകാലത്തു് വർഗ്ഗീയപ്രാതിനിധ്യത്തെ സംബന്ധിച്ചു് ർ 8 വ്യാംനമ്പരായി ഒരു ജീ. ഒ. സക്കുലർ ഉണ്ടായിട്ടുണ്ടു്. ഇന്നത്തെ റവന്യൂകമ്മീഷണർതന്നെ ആയിരുന്നു അന്നും കമ്മീഷണർ. അദ്ദേഹത്തിന്റെ കീഴിലുള്ള പേഷ്കാരന്മാരും തഹശീൽദാരന്മാരുംനടത്തുന്ന നിയമനങ്ങളിൽ വർഗ്ഗീയപ്രാതിനിധ്യതത്വം അനുസരിച്ചു എല്ലാ സമുദായക്കാർക്കും ഒരുപോലെ ഉദ്യോഗദാനം ചെയ്യുന്നില്ല. അതിനു് കാരണമെന്താണു്. പല സമുദായങ്ങളിൽനിന്നും അപേക്ഷകന്മാരുണ്ടായിരുന്നിട്ടും പ്രാതിനിധ്യം കൂടുതലുള്ള സമുദായങ്ങളിൽനിന്നും പ്രത്യേകം ആളുകളെ തിരിഞ്ഞെടുത്തു നിയമിച്ചു എന്നുള്ളതിനെപ്പറ്റിയാണു് സക്കുലർ. കഴിഞ്ഞബഡ്ജറ്റിൽ റവന്യൂക്കമ്മീഷണരുടെ സമാധാനം കിട്ടിയോ എന്നും കിട്ടിയെങ്കിൽ അതു് എന്തായിരുന്നു എന്നും ഞാൻ ചോദിച്ചിരുന്നു. അതിനു് സമാധാനം കിട്ടി എന്നു് മാത്രം പറഞ്ഞിരുന്നു. എന്നാൽ ആ സമാധാനം തൃപ്തികരമായിരുന്നോ എന്നു് ചോദിച്ചതിനു് പൂർണ്ണമായി തൃപ്തികരമായിരുന്നില്ല എന്നു് സമാധാനംപറഞ്ഞു. റവന്യൂക്കമ്മീഷണരോടു് അദ്ദേഹത്തിന്റെ മേധാവി ചോദിക്കുന്ന സമാധാനത്തിനു് തരുന്ന മറുപടി തൃപ്തികരമല്ലെന്നു് തോന്നിയാൽ തൃപ്തികരമായ ഒരു സമാധാനം വാങ്ങിക്കേണ്ടതല്ലേ? തൃപ്തികരമായ ഒരു സമാധാനം തരുന്നതിനു് ഒരു ഡിപ്പാർട്ടുമെൻറുമേധാവി വഴിപ്പെട്ടില്ലെങ്കിൽ ഇനി മേലെങ്കിലും ആ മേധാവി ഇങ്ങിനെയുള്ള അക്രമങ്ങൾ നടത്താതിരിക്കുവാൻ ചട്ടംകെട്ടേണ്ടതു് ഗവണ്മെൻറിന്റെ ചുമതല അല്ലെ? കമ്മീഷണർ ശരിയായ സമാധാനം തന്നിട്ടില്ലെങ്കിൽ ഇനിഎങ്കിലും സമാധാനം ആവശ്യപ്പെടുകയും മേലാൽ തിരുവിതാംകൂറിലുള്ള ആളുകളെ ഇങ്ങിനെ കടിപിടികൂട്ടിക്കാതെ എല്ലാവരും ഒരുകയ്യേ ഗക്ഷേമത്തോടുകൂടി തിരുവിതാംകൂറിൽ കഴിച്ചുകൂട്ടുന്നതിനു് വേണ്ട സൌകര്യങ്ങൾ ഗവണ്മെൻറുതന്നെ ഉണ്ടാക്കുകയും ചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Sir, a good number of members have been speaking on the necessity of giving communal representation to the unrepresented communities of Travancore. The mover himself pointed out that sufficient number from among the unrepresented communities has not been appointed. The bifurcation of Devaswoms from the Revenue took place in 1098 and after four years a statement was made by the late Mr. R. Krishna Pillai in regard to the appointment of unrepresented communities. He said there

LIBRARY ARCHIVES Kerala Legislative Assembly

that of the large number of vacancies that occurred seventy percent of them have been given to unrepresented communities. The statement can be found at page 460 of Volume XI. I will read it to the Council for its enlightenment.

"Since the 1st Chingam 1098, there were only 76 permanent vacancies. Twenty six of them were filled up by the absorption of the supernumeraries of 1097 and by the disbanded men of the abolished Peermade Division Assistant's office. There were only nine non-caste Hindu and non-Hindu supernumeraries. Of these, two Christians were absorbed in the subsequent vacancies. Deducting these two and the 35 non-caste Hindus and non-Hindus who were in the department on the 1st Chingam 1098 from the 72 permanent hands found on the 1st Medam 1102, it is seen that 35 non-caste Hindus and non-Hindus were permanently entertained newly since the 1st Chingam 1098 up to the 1st Medam 1102, that is to say, in 4 years and 8 months, and the number of vacancies that were available for them was only 50. This works up to a percentage of 70. The number of caste-Hindus permanently entertained during the period was 15 and they were mostly persons who had acted as clerks before the separation of the Devaswom and in whose case the Government had ordered that their claims should not be overlooked when vacancies occur."

So, within a period of four years we see that 70 per cent of the vacancies that occurred was given to unrepresented communities. This is 1105, and only three years have elapsed after the statement was made. No statement has been placed before the Council by Mr. Robinson or any other member about the number of vacancies that occurred between 1103 and 1105. I speak of all the vacancies in the Land Revenue Department. The complaint mainly in this Council is that sufficient number of posts had not been given to Catholics in the grade of Proverthicars and Accountants. Probably that may be true. But there are vacancies in other posts also. Those posts might have been sufficiently given to the unrepresented communities. Merely because a certain number of appointments among Proverthicars and Accountants were not given to the unrepresented communities, it cannot be stated as a basis for the complaint that the claims of unrepresented communities are not sufficiently considered by the department.

MR. P. S. MAHOMED (*Nominated*): ഏതെ സമുദായങ്ങളിൽനിന്നാണം വേണ്ടുവോളം നിയമിച്ചിട്ടുള്ളതായി അറിയാമോ?

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): I have not got the figures before me. Otherwise I could have told the member. If he has asked for the figures from the Land Revenue Commissioner and if the figures were given, then he could have seen whether the department was slack in giving representation to unrepresented communities. So long as that statement is not obtained, we cannot say whether the Government are justified or not in their action. We are now traversing a ground which is not firm. If we had definite data before us then we could have complained of the conduct of Government. In the very same statement the late Mr. Krishna Pillai suggested that one of the reasons for not appointing proverthikars and accountants from these communities was probably that there were none among

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Kesava Pillai.]

them in the lower grade to be promoted to these posts. That may apply to the conditions prevailing to-day also. We may not have accountants and subordinate men in the lower grade of the Land Revenue Department to-day who could be promoted. How is it possible for the department to give promotions to men of other departments when it is not possible for the Government to get efficient hands? In looking after the affairs of the village management a certain kind of efficiency is necessary. It is on account of the lack of efficient men in other departments that I may say that people are not recruited from those departments. If recruitments from the other departments are made probably then representation can be given to these unrepresented communities. Government must consider whether the taking of hands from other departments would be a wise policy to be followed or not. If that is followed that will be one of the ways by which representation could be given by the Government to these communities. To satisfy the claims of these communities, there will be no harm in recruiting a certain number of fresh hands from other departments where men belonging to these communities are available.

Mr. Kunjitomman and other members were fighting that in the higher ranks of the Land Revenue Department there are no representatives from among these communities. Mr. Piraviperumal Pillai, by the way, asked a question whether recruitment to the higher ranks of the Revenue Department was made from any other department; and Mr. Robinson suggested the case of Mr. Madhavan who is now acting as the Revenue Commissioner of Devicolam. If the cry is so very persistent and if their claims are justifiable what is the harm in making such a recruitment to the higher grade of the Land Revenue Department? Recently one among the Peishkars was recruited from the Judiciary. No cry was raised against that appointment. Such recruitment can be made now too, and just like that the claims of other communities can also be satisfied. If the Government think that it is a good method of satisfying the claims of unrepresented communities by all means that must be done. With these words, I support the motion.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): വർഗ്ഗീയ പ്രതിനിധ്യത്തെ ആസ്പദമാക്കി ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപം ഈ സഭയുടെ ദീർഘമായ പര്യാലോചനയ്ക്ക് വിഷയീഭവിച്ചിട്ടുണ്ട് എന്ന കാണുന്നതിൽ എനിക്ക വളരെ സന്തോഷമുണ്ട്. മി: റാബിൻസൺപറഞ്ഞ മറുപടി ആ ഭാഷ സ്വാധീനത്തിലുള്ള ആളുകൾക്കുപോലും മനസ്സിലാക്കാൻ സാധിക്കാത്ത സ്ഥിതിക്ക് എനിക്ക മനസ്സിലാക്കാൻ സാധിച്ചില്ല എന്ന പറയുന്നതിന് എനിക്ക അശേഷം മടിയില്ല. എന്റെ മാന്യസ്നേഹിതന്മാരിൽ പലരും വർഗ്ഗീയപ്രാതിനിധ്യതത്തെ അ

LIBRARY ARCHIVES Kerala Legislative Assembly

സ്പദമാക്കി പല അഭിപ്രായങ്ങളും പുറപ്പെടുവിക്കയുണ്ടായി. മി. ആർ. രാമൻപിള്ള കഴിഞ്ഞവർഷത്തിൽ ഈ വിഷയത്തെ ആസ്പദമാക്കി ഒരു ഉപക്ഷേപം ഹാജരാക്കി വാദിക്കയുണ്ടായി. ഒരുപക്ഷെ അദ്ദേഹത്തിന്റെ ആലോചനക്കുറവുകൊണ്ടായിരിക്കാം അങ്ങിനെ ചെയ്തതെന്നു പിന്നീടു ചില സ്നേഹിതന്മാർ അദ്ദേഹത്തോടു പറഞ്ഞതുകൊണ്ടു ഇപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായം പാടെ മാറിയിരിക്കുന്നു എന്നു അദ്ദേഹം ഇവിടെ പ്രകാശിപ്പിച്ചു. അതുഹേതുവായിട്ടായിരിക്കാം. ഉദ്യോഗമുള്ളവക്കു ഉദ്യോഗവും ഭ്രസ്പത്തുള്ളവക്കു ഭ്രസ്പത്തും ആയിരിക്കട്ടെ എന്നുള്ള അഭിപ്രായം അദ്ദേഹം പുറപ്പെടുവിച്ചതു എന്നു തോന്നുന്നു. ഭ്രസ്പത്തും ഉദ്യോഗവും ഒരുമിച്ചുണ്ടെങ്കിൽ അതു അധികം നന്നു എന്നും അദ്ദേഹത്തിനഭിപ്രായമുണ്ടു. പക്ഷെ ഭ്രസ്പത്തിനെ സംബന്ധിച്ചിട്ടുള്ള ഒരു വാദപ്രതിവാദമല്ല ഇതു. കേവലം ഉദ്യോഗസംബന്ധമായി അസമതാമനുഭവിക്കുന്നവരുടെ ന്യായാവകാശവാദമാത്രമാണു. അസമതാസമുദായങ്ങൾക്കു സർവീസിൽ ന്യായമായി അവകാശം കിട്ടണമെന്നുള്ള വാദവിഷയത്തിൽ ഗവണ്മെൻറിനു നിരസം തോന്നിട്ടുണ്ടെങ്കിൽ അതു അബദ്ധമാണു. തിരുവിതാംകൂറിലെ ഭ്രസ്പത്തിന്റെ അളവു കണക്കാക്കി നോക്കേണ്ടതു സമ്മതിദായകന്മാരുടെ ലിസ്റ്റിനെ ആസ്പദമാക്കിയാണു. ഈ കാര്യത്തിൽ പരാതിപ്പെടുന്നതിന്റെ നിരർത്ഥത ഈ ഒരു അളവുകൊണ്ടുതന്നെ നിർണ്ണയിക്കാം. ഭ്രസ്പത്തില്ലാതെ നികുതിദായകത്വം എങ്ങനെ ഉണ്ടാകും?

കാടായും മലയായും കിടന്നിരുന്ന സ്ഥലങ്ങളെ, വിലകൊടുത്തു സ്വാധീനത്തിൽ വരുത്തി, വന്യമൃഗങ്ങളോടും, സാംക്രമികരോഗങ്ങളോടും പൊരുതി, ഫലഭൂയിഷ്ടമായ പ്രദേശങ്ങൾ എന്നാക്കിത്തീർത്തിട്ടുള്ള ഒരുകൂട്ടരും നാട്ടിലുണ്ടായിരിക്കാം. അവർ അനുഭവിക്കുന്നതുപോലെ ഇത്രമാത്രം അനുഭവിച്ചുകൊള്ളുന്നതിനു ആരും ഒരിക്കലും പ്രതിബന്ധം ചെയ്തിട്ടില്ല; ചെയ്യുന്നുമില്ല. നേരേമറിച്ചു ഗവണ്മെൻറു ഭണ്ഡാഗാരത്തെ പോഷിപ്പിക്കുവാൻ ദൂരത്തരം പ്രവർത്തിച്ചിട്ടുള്ള ഇവർക്കു പൌരാവകാശം ഇല്ലെന്നു വരുകയില്ല. അദ്ധ്വാനശീലന്മാരായ ഈ തരം ആളുകൾ സ്വപരിശ്രമംകൊണ്ടു വിദ്യാഭ്യാസം ചെയ്തു മുന്നോട്ടു വരുന്നതുവരെ യാതൊരുദ്യോഗത്തിനും അപേക്ഷിച്ചിട്ടില്ല. അനന്തരം അവരുടെ അവകാശനാശകണമെന്നു ആവശ്യപ്പെടുന്നു. മഹാരാജാവു തിരുമനസ്സിലെ കരുണകൊണ്ടു് ആറേഴുവർഷങ്ങൾക്കു മുമ്പു റവന്യൂ ദേവസ്വം വിഭജനം നടത്തി. സ്വപ്രജകൾക്കു പൌരാവകാശം ശരിയായി നാടകുവാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ള്ള പൂർവചടങ്ങായിരുന്ന അത്. എന്നിട്ടും ഗവണ്മെൻറ് എന്ത് സഹാ യമാണ ചെയ്തത്. മഹാറാണി തിരുമനസ്സിലെ പ്രജാവാത്സല്യവും സ മഭാവനയും പ്രസിദ്ധമാണ്. പക്ഷേ അസമത്വപരിഹാരത്തിന ഗവ ണ്മെൻറ് ഒന്നും ചെയ്തിട്ടില്ല. ചെയ്യുന്നുമില്ല.

തിരുവിതാംകൂറിലെ വർഗ്ഗങ്ങൾക്ക പ്രത്യേകം പ്രത്യേകം ഭൂമി പ തിച്ച കൊടുക്കുന്ന കായ്വും വർഗ്ഗീയ പ്രാതിനിധ്യകായ്വും രണ്ടാണ്. ഇവ തമ്മിൽ യാതൊരു സംബന്ധവുമില്ല. ഒരു വർഷംകൊണ്ട മിസ്റ്റർ ആർ. രാമൻപിള്ളയുടെ അഭിപ്രായത്തിന അല്പസ്വല്പം വ്യത്യാസം വ ന്നിട്ടുണ്ട്. അന്ന മിസ്റ്റർ രാമൻപിള്ളകൊണ്ടുവന്ന വാദത്തിന മറുപ ടിയായി അന്നത്തെ അദ്ധ്യക്ഷൻ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾക്ക് ഇന്നും മാറ്റം വന്നതായി എനിക്കറിവില്ല. ആ മറുപടി ഫോർ കക്കടകം മന്ത്രിസഭയിലെ കൌൺസിൽ പ്രൊസീഡിംഗ്സിൻെറ നുഫറാമത്തു വശത്തു ഞാൻ കാണുന്നുണ്ട്. അതിൽ പരിപൂർണ്ണമായ വിശ്വാസവുമുണ്ട്. തൽസംബന്ധമായ നടപടികളുംക്രടി കാണണമെ ന്നുള്ള അഭിലാഷമാണ് ഈ ഉപക്ഷേപം ഹാജരാക്കുവാൻ എന്നെ പ്രേ രിപ്പിച്ചിട്ടുള്ളത്. പ്രസിഡൻറിൻെറ മുൻവിവരിച്ച അഭിപ്രായത്തേ ആദരിച്ച് ഈ ഉപക്ഷേപം പിൻവലിക്കുവാനും ഞാൻ തയ്യാറാണ്.

വർഗ്ഗീയപ്രാതി നിധ്യതത്വത്തെ ആസ്പദമാക്കിട്ടുള്ള നിയമനങ്ങൾ റവന്യൂ ഡിപ്പാർട്ടുമെൻറിലും നടത്താമെന്ന് ഏഴുവർഷത്തിന് മുമ്പേ ഗവണ്മെൻറ് നിശ്ചയിച്ചു. അതിലേക്ക് പയ്യാപ്പമാകത്തക്കവണ്ണം ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ ഭരണം പ്രത്യേകം ഒരു അദ്ധ്യ ക്ഷൻെറ കീഴിൽ ആക്കുകയും ചെയ്തു. ഗവണ്മെൻറും അതിനെ ആദ രിച്ചു, ജനങ്ങളും തിരുവിതാംകൂർ മഹാരാജാവു് തിരുമനസ്സിലെ പേരിൽ ഭക്തിയോടും സംതൃപ്തിയോടുംക്രടി തന്നേയിരുന്നു. ന്യായമായ അവകാ ശം വേണമെന്നുള്ള വാദത്തോട് അനുകൂലിച്ചു് പ്രവർത്തിച്ചതിൻെറ ഫലമായി അന്ന ചിലനിയമനങ്ങൾ നടന്നു തുടങ്ങുകയും ചെയ്തു. അതിൽ പിന്നീടാണല്ലൊ കൃസ്ത്യൻ പേഷ്കാർ ഉണ്ടായതു്. എന്നാൽ ഈ ദീർഘ കാലഅളവിനകത്തുണ്ടായ മാറ്റം ഇപ്പോൾ ഈ രാജ്യത്തെ റവന്യൂ ഡി പ്പാർട്ടുമെൻറിൽ ഉദ്യോഗമുള്ളവരുടെ ജാതി പരിഗണനകൊണ്ട വ്യക്ത മാകും. ഇനിയും ഈ നിലയിൽ പോകാൻ പാടില്ല. ഗവണ്മെൻറ് ന്യായം നടത്തണം എന്ന മാത്രമാകുന്ന ഞങ്ങളുടെ വാദത്തിൻെറ സ്വരൂ പം. മറെറാരു പ്രകാരത്തിൽ പറയുകയാണെങ്കിൽ ഈ ഏഴുവർഷത്തി

LIBRARY ARCHIVES Kerala Legislative Assembly

നിടയിൽ എന്തു സാധിച്ചു? ഡിപ്പാർട്ടുമെന്റു എന്തു ചെയ്തു? താഴ്ന്ന ഉദ്യോഗങ്ങളിൽ പലരേയും നിയമിച്ചിട്ടുണ്ട്; ഉയർന്ന ഉദ്യോഗങ്ങൾക്കു അപേക്ഷക്കാർ ആരുമില്ല എന്നു പറഞ്ഞു നില്ക്കാൻ ഡിപ്പാർട്ടുമെന്റിനു കഴിയുമോ? ഇല്ല. വാസ്തവം അതല്ല, അപേക്ഷക്കാരും അവകാശികളും വേണ്ടടത്തോളം ഉണ്ട്. എന്നിട്ടും നിയമനങ്ങൾ ഉണ്ടാകുമ്പോൾ അസമതാസമുദായങ്ങളെ വിസ്മരിച്ചു കളയുന്നു. ഇതു ശരിയായ നടപടി ആയിരിക്കയില്ലല്ലൊ. അസമതാസമുദായങ്ങളേ പരിഗണിച്ചു അവരെ നിയമിക്കുന്നതിനുള്ള പ്രതിബന്ധം അതാണെങ്കിൽ സമാധാനത്തിനു വകയുണ്ട്. ഈ പ്രതിബന്ധം ഓരോ കാരണവശാൽ എത്രകാലം നിലനിന്നാലും തിരുവിതാംകൂറിലെ പ്രജകൾക്കു ന്യായമായിട്ടുള്ള അവകാശം കിട്ടാതെ സങ്കടം അനുഭവിച്ചു കൊള്ളണം എന്നു ആജ്ഞാപിക്കുന്നതിന്റെ ഒരുവകഭേദമായിട്ടു നടപടികൊണ്ടും അനുഭവം കൊണ്ടും വരുന്നുണ്ട്. ന്യായമായ അവകാശം അവർക്കു സന്തോഷപൂർവം കൊടുക്കുന്ന ഒരു ഭാവിയുണ്ടാകുമെന്നു പരിപൂർണ്ണമായി അവർ വിശ്വസിച്ചു ആ ഭാവിയിലേക്കു ത്വരിതമായി പോയിക്കൊണ്ടിരിക്കുന്നു എന്നു പറയാൻ എനിക്കു മടിയില്ല. ആ ഭാവി അവർകണ്ടെത്തുകയും ചെയ്യും. എന്നാൽ അവർക്കു അർഹമായതു സന്തോഷപൂർവം നല്കുകയാണു വേണ്ടതു. ഇങ്ങനെ സന്തോഷപൂർവം കൊടുത്തു സഹോദരബുദ്ധ്യാ പ്രവർത്തിക്കുന്നുവെങ്കിൽ വർഗ്ഗങ്ങളുടെ ഇടയിൽ മത്സരത്തിനു കാരണമുണ്ടോ? അസംതൃപ്തി ഉളവാകുമോ? രാജ്യവാസികൾ സമാധാനപരമായി ജീവിതം നയിക്കുകയില്ലയോ? കാര്യങ്ങൾ അധികൃതന്മാരുടെ ശ്രദ്ധയിൽപെടാത്തതാണു ആശ്ചര്യം. നിയമനവിഷയത്തിൽ ഈ ഒരു വർഷത്തിനിടയിൽ എത്രത്തോളം അന്തരം കാണുന്നുണ്ട്. ന്യായമായിട്ടു കിട്ടേണ്ടതു കിട്ടണമെന്നു മാത്രമേ ഞങ്ങൾ വാദിക്കുന്നുള്ളു. മറുള്ളവർക്കു് ആക്കും കൊടുക്കണ്ടാഎന്നു ഞാൻ പറയുന്നില്ല. ഞങ്ങൾക്കർഹമായതു ലഭിക്കുന്നില്ല. അതുകിട്ടണം. ഇതാണു വാദം, ഗവണ്മെൻറു തന്നെ സമ്മതിച്ചൊരു പരമാർത്ഥമാണു് ഇതു്. എന്നാൽ ഭരണാധികാരികൾ ഈ അഭിപ്രായത്തെ പരിപൂർണ്ണമായി ആദരിച്ചു് നിയമനം നടത്തുന്നില്ല. അതിനുള്ള കാരണം കണ്ടുപിടിക്കേണ്ടതു് ഗവണ്മെൻറിന്റെ ചുമതലയാണു്. അസമതാസമുദായത്തിനു് ന്യായമായിട്ടു് കിട്ടേണ്ട അവകാശങ്ങളെ സഹോദരബുദ്ധ്യാകൊടുക്കാതിരിക്കുന്നതിനുള്ള പ്രധാനകാരണം വർഗ്ഗീയവിദ്വേഷമാണു്. സർക്കാർ ഭൂമികളിൽ പ്രവേശിച്ചവരെ ഇറക്കി വിടുന്നതു് കഷ്ടമാണെന്നു് കുറച്ചു് മുമ്പേ ഇവിടെ എന്റെ ചിലസ്നേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ഹിതന്മാർ വാദിക്കയുണ്ടായി. അതിനുള്ള പ്രധാന കാരണമായി കാണുന്നത് വളരെക്കാലം സ്ഥിരമായി അനുഭവിച്ചു കൊണ്ടിരുന്ന വസ്തുക്കളിൽ നിന്നും ഇറങ്ങിപ്പോകുന്നതിന് സ്വാഭാവികമായുണ്ടാകുമെന്നുള്ള വൈമനസ്യമാണ്. അതുപോലെ സർക്കാർ ഉദ്യോഗം വളരെക്കാലം അനുഭവിച്ചു കൊണ്ടിരിക്കുന്ന സമുദായക്കാർക്ക് മറ്റു സമുദായക്കാരെക്കൂടെ പ്രവേശിപ്പിക്കുന്നതിൽ വൈമനസ്യമുണ്ടായേക്കാം. ഇതൊട്ടും അസ്വാഭാവികമല്ല. സ്വാഭാവികമാണ്. എന്നാൽ ന്യായമായി അർഹതയുള്ളതു കൊടുക്കണം. അസമതലസമുദായത്തിൽപ്പെട്ട ആളുകൾക്ക് മഹാമനസ്കതയോടുകൂടി മറ്റുള്ളവർ കൈവശപ്പെടുത്തി വച്ചിരിക്കുന്നതിനു പുറമേ അപ്പഴപ്പോഴുണ്ടാകുന്ന അവകാശങ്ങളിൽ കുറെ വിട്ടു കൊടുത്താൽ രാജ്യത്തിൽ സമാധാനക്കേട് യാതൊന്നും വരാനില്ല. യോഗ്യതയുള്ളവർക്കു കൊടുത്താൽമതി. ഈ നാട്ടിലേ പൗരന്മാരെന്നനിലയിൽ ഞങ്ങളുടെ അവകാശം ചോദിക്കാൻ ഞങ്ങൾക്കു അവകാശമുണ്ട്. മിസ്റ്റർ ഏ. താണുപിള്ള ഒരു മത്സരപരിക്ഷാബോർഡോ കമ്മിറ്റിയോ ഏർപ്പെടുത്തി അവരുടെ ശുപാർശ പ്രകാരം ഉദ്യോഗം ദാനം ചെയ്യണമെന്നു പറകയുണ്ടായി. ഒരു കാലത്തു ഞങ്ങൾ അസമതലം ധാരാളം അനുഭവിച്ചിരുന്നു. ഇതുയും കാലം ചില സമുദായക്കാരുടെ ആജ്ഞക്ക് കീഴ്പ്പെട്ടു അവരുടെ ശാസനയിൽ ഉറപ്പെട്ടു പ്രവർത്തിച്ചതിന്റെ ശേഷം ഇപ്പോൾ മുൻപോട്ടുവന്ന ഞങ്ങളുടെ അവകാശവും കിട്ടണമെന്നു പറയുമ്പോൾ ഈമാതിരി ഓരോപദ്ധതികളെ നിർദ്ദേശിച്ചു കാലതാമസംവരുത്തുന്നതിനു ശ്രമിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നുമനസ്സിലാകുന്നില്ല. ഇതുയും സംഗതികൾ ഈ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു മാത്രമേ ഞാൻ ഇവിടെ ഉദ്ദേശിച്ചിരുന്നുള്ളൂ. സർക്കാരുദ്യോഗത്തിൽ പ്രാതിനിധ്യം കുറഞ്ഞ വർഗ്ഗക്കാരിൽ നിന്നും യോഗ്യതയുള്ളവർ വരുമ്പോൾ അവർക്കു പ്രാമുഖ്യം നൽകണം എന്നു നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരോടു ഗവർണ്മെന്റു നിഷ്കർഷയായി ആജ്ഞാപിക്കണം. അല്ലാതെ അസമതലസമുദായങ്ങളുടെ അവകാശം നൽകുവാൻ വേറെ മാർഗ്ഗമില്ല. അതിലേയ്ക്കു ബോർഡിന്റേയോ, പരീക്ഷകളുടേയോ ആവശ്യം കേവലം ഇല്ലാത്തതാണ്.

MR. A. THANU PILLAI (*Trivandrum*): I want to put a question before he sits down. With the permission of the President may I speak in Malayalam? I am afraid the member has misunderstood me.

PRESIDENT: You may put the question in Malayalam.

MR. A. THANU PILLAI (*Trivandrum*): ഒരു പരീക്ഷ ഏർപ്പെടുത്തി അതിൽ ജയിക്കുന്നവർക്കുമാത്രം ഉദ്യോഗം കൊടുക്കണമെന്നു പറഞ്ഞതാ

LIBRARY ARCHIVES Kerala Legislative Assembly

യി മിസ്റ്റർ കുര്യാക്കോസ് മനസ്സിലാക്കിയതായിട്ട് തോന്നുന്നു. ഞാൻപറഞ്ഞതു് ഇപ്രകാരമാണ്. ഇപ്പോൾ ഉദ്യോഗങ്ങൾ ഒഴിവു വന്നാൽ അതു് എല്ലാ ജാതിക്കാർക്കും കിട്ടുന്നതിനു അസൌകര്യമായിരിക്കുന്നു; അഥവാ കിട്ടുന്നവർ തന്നെയും യോഗ്യന്മാരും സമർത്ഥന്മാരും അല്ലെന്നുംവരാം. അങ്ങിനെ വരുന്നതു് പൊതുവേ സർവീസിനു ദോഷമാണ്. ഒരാണ്ടിൽ ഇരുന്നൂറു പേർ ഉദ്യോഗത്തിനു് വേണമെന്നു വിചാരിക്കുക. ഒരേതരത്തിലുള്ള ഒരു പരീക്ഷ നടത്തി ക്രമത്തിൽ യോഗ്യതയുള്ള മുന്നൂറോ നാന്നൂറോപേരെ തിരഞ്ഞെടുക്കണം. പിന്നെ ജാതിയുടെ പട്ടികക്രമം അനുസരിച്ചു് ആദ്യം നായർ വരുന്നുവെങ്കിൽ ആദ്യം ൦൦ പേരിൽനിന്നും ഒരു നായർക്കും, ക്രസ്ത്യാനിയുടെ പട്ടിക ഏഴാമതു് വരുന്ന എങ്കിൽ അതു് ഒരു ക്രസ്ത്യാനിക്കും അതുപോലെ നാനാജാതിക്കാരേയും എല്ലാ സമുദായങ്ങളിൽനിന്നും നിയമിക്കാൻ സാധിക്കുന്നതാണു്. അങ്ങിനെ ഒരു പരീക്ഷവച്ചാൽ മുറപ്രകാരം എല്ലാവർക്കും ഉദ്യോഗം കിട്ടുന്നതാണ് എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പരീക്ഷവയ്ക്കണമെന്നു് അഭിപ്രായപ്പെട്ടിട്ടുള്ളതു്.

MR. A. C. KURIAKOSE (*Minachil cum Devicolam*): മി: താണുപിള്ള അദ്ദേഹത്തിന്റെ ആശയം എന്നെ മനസ്സിലാക്കിത്തന്നതിനേ സംബന്ധിച്ചു് എനിക്കു രണ്ടുവാക്കു പറയാനുണ്ടു്. നൂ൦൦ പേരെ ചേർത്തു് ഒരു പരീക്ഷ നടത്തുകയാണെങ്കിൽ അതിൽ ൫൦൦ പേർ ജയിച്ചു എന്നു വിചാരിക്കുക. ൧൦൦ പേരെയാണ് ആവശ്യമുള്ളതു് എന്നുമിരിക്കട്ടെ. ശേഷം ൧൦൦ പേർ എത്രകൊല്ലം കാത്തിരിക്കണം. അവരെ നിയമിച്ചുകഴിയുന്നതിനു പിന്നെ എത്ര വർഷം വേണ്ടിവരും. ൫൭ വയസ്സു് കഴിഞ്ഞാൽ ഏജ്ബാർ വന്നുപോയി എന്നും പറയും. ഈ ശേഷിപ്പുവരുന്നവരെ നിയമിച്ചതിനുശേഷമല്ലാതെ വേറെ ഒരു പരീക്ഷ നടത്തേണ്ട ആവശ്യവുമില്ല, സാധിക്കയുമില്ല. അതുകൊണ്ടു് ഇതൊന്നും പ്രായോഗികങ്ങളായ പദ്ധതികളല്ല. ആവശ്യവുമില്ല. യൂണിവേർസിറ്റി പരീക്ഷ പാസായാൽ മതിയല്ലോ. ഇതേവരെ അതല്ലെ നടപ്പു്. അസമത്വപരിഹാരത്തിനു പ്രത്യേക പരീക്ഷയെന്തിനു്? അതിനാൽ ഗവർണ്മെൻറു് ഈ സംഗതിയെപ്പറ്റി ഗാഢമായി ആലോചിച്ചു് ഇനിയും ഈ സങ്കടത്തിനു് ഇടയാക്കാതെ ഇരിക്കത്തക്കവണ്ണം ഒരു വ്യവസ്ഥയുണ്ടാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. കാലതാമസം ക്ഷന്തവ്യമല്ലാ എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. മേൽപ്രകാരം എന്റെ ആശയം പ്രകാശിപ്പിച്ചുകഴിഞ്ഞതിനാൽ ഇനി ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു് അനുവാദം ചോദിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: The member is asking for permission to withdraw his motion. Have you anything to say Mr. Robinson?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I said that we are trying our best to appoint men from unrepresented communities.

PRESIDENT: He understands all that.

Has the member the leave of the House to withdraw his motion? The motion was, by leave, withdrawn.

Motion 7.

PRESIDENT: The next motion stands in the name of Mr. K. P. Nilakanta Pillai. The object of the motion as mentioned by him in the explanation does not entitle that motion to come under this subject. This subject relates to the establishment of the Land Revenue and Income Tax Commissioner. The object of that motion is one that will come under total grant and not under this particular grant. I therefore rule this particular motion out of order.

Motion 8.

The following motion was not made.

MR. A. THANU PILLAI:

To reduce the allotment of Rs. 14,886 for establishment by Rs. 10.

Motion 9.

MR. N. K. KRISHNA PILLAI (*Neyyattinkara*): Sir, I wish to make the following motion:—

To reduce the allotment of Rs. 14,886 for establishment by Rs.100.

The object of my motion is to bring to the attention of Government the great hardship suffered by the people in consequence of proper attention not being paid to the proper disposal of *pokkuvaravu* cases. One of the prime duties of the Government, Sir, is to give all possible facilities for free transfer of registry. I think such a measure will be convenient for the people and also for Government who want to collect money from the people. From a perusal of the number of *pokkuvaravu* cases as mentioned in the Administration Report we find the following figures. In the year 1101, there were about 93,732 cases on the file; in 1102, there were 93,762; in 1103, 1,73,024 cases were received; and in 1104, 1,05,932 cases were on file. These figures will show that there has been of late a large and steady increase in the matter of *pokkuvaravu* cases.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I cannot hear.

MR. N. K. KRISHNA PILLAI (*Neyyattinkara*): What I said was that from a reading of the figures of *pokkuvaravu* cases from 1101 to 1104, I see a phenominal increase in the number of cases. I also see that during the year 1104 there is a diminution in the number of disposals.

LIBRARY ARCHIVES Kerala Legislative Assembly

Sir, one of the main causes that I find for this unsatisfactory state of affairs is that the same existing staff that has to attend to other duties as well is made to do this work also. Therefore, I would in the first place suggest that a special staff, if necessary, may be appointed to see that all *pokkuvaravu* cases are disposed of in as short a time as possible. Of course, I do not advocate the appointment of any expensive machinery ; all that, I propose is one or two proverthicars may be appointed in each taluk for this special purpose. Sir, of late since the promulgation of new social legislations ; particularly the Nayar Regulation, we find that there has been a rush for *pokkuvaravu* of partition deeds. We find that holdings have been split up into very small bits. While proverthicars could easily collect the tax from one person, for example from the Karanavan, for all the holdings together covered by a single patta, now that the holdings are split up into small bits after partition the Proverthicars have to collect the tax from a number of persons. The proverthicar delays effecting *pokkuvaravu* because it is convenient to collect the tax from one or two persons according to the old way. Now he will have to receive the tax from a number of persons. Hence he puts off effecting transfer of registry, unless the aggrieved parties give him sufficient inducement to do otherwise. This entails a large amount of inconvenience and worry to the people ; because now if a demand notice is sent to a Karanavan, he will not be able to pay the money because he owns only a small bit of land and he will shirk payment. The result is that several properties have been sold away for arrears of tax.

There is a further harm that follows upon this delay and indifference of the Land Revenue Department in the matter of *pokkuvaravu*. The elections are coming. We have only a few months before us for the new elections and the people stand to lose their privilege of voting in the election, because their names cannot appear in the new rolls unless transfer of registry is effected on record. That, I beg to submit, is a very precious privilege which the people stand to lose. All these aspects of the question I wanted to bring to the notice of the Government and it is for this purpose that I have tabled this motion. I commend it for the acceptance of this House.

PRESIDENT : The time allotted for this demand has expired and the remaining motions lapse.

The following motions lapsed ;

Motions 9-77.

MR. N. K. KRISHNA PILLAI :

9. To reduce the allotment of Rs. 14,886 for establishment by Rs. 100.

MR. A. C. KURIAKOSE :

10. To reduce the allotment of Rs. 14,886 for establishment by Rs. 100.

MR. R. KESAVA PILLAI :

11. To reduce the allotment of Rs. 4,000 for travelling allowance by Re 1.

MR. R. KESAVA PILLAI :

12. To reduce the allotment of Rs. 4,000 for travelling allowance by Re. 1.

MR. A. S. DAMODARAN ASAN :

13. To reduce the allotment of Rs. 4,000 for travelling allowance by Rs. 5.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI:

14. To reduce the allotment of Rs. 4,000 for travelling allowance by Rs. 10.

MR. K. PADMANABHA PANIKKAR:

15. To reduce the allotment of Rs. 4,000 for travelling allowance by Rs. 10.

MR. A. C. KURIAKOSE:

16. To reduce the allotment of Rs. 4,000 for travelling allowance by Rs. 100.

MR. R. RAMAN PILLAI:

17. To reduce the allotment of Rs. 4,000 for travelling allowance by Rs. 100.

MR. R. RAMAN PILLAI:

18. To reduce the allotment of Rs. 4,000 for travelling allowance by Rs. 100.

MR. ITTOOP ITTEECHAN:

19. To reduce the allotment of Rs. 4,000 for travelling allowance by Rs. 100.

MR. MURUVELIL PACHU PILLAI:

20. To reduce the allotment of Rs. 19,249 for Land Revenue and Income Tax Commissioner by Re. 1

MR. ITTOOP ITTEECHAN:

21. To reduce the allotment of Rs. 19,249 for Land Revenue and Income Tax Commissioner by Rs. 5

MR. S. PIRAVIPERUMAL PILLAI:

22. To reduce the allotment of Rs. 19,249 for Land Revenue and Income Tax Commissioner by Rs. 10.

MR. P. S. MAHOMED:

23. To reduce the allotment of Rs. 19,249 for Land Revenue and Income Tax Commissioner by Rs. 10.

MR. K. MADHAVAN PILLAI:

24. To reduce the allotment of Rs. 19,249 for Land Revenue and Income Tax Commissioner by Rs 100.

MR. K. MADHAVAN PILLAI:

25. To reduce the allotment of Rs. 19,249 for Land Revenue and Income Tax Commissioner by Rs. 100.

MR. K. MADHAVAN PILLAI:

26. To reduce the allotment of Rs. 19,249 for Land Revenue and Income Tax Commissioner by Rs. 100.

MR. K. P. NILAKANTA PILLAI:

27. To reduce the allotment of Rs. 19,249 for Land Revenue and Income Tax commissioner by Rs. 100.

MR. V. J. OOMMEN:

28. To reduce the allotment of Rs. 19,249 for Land Revenue and Income Tax Commissioner by Rs. 100.

MR. R. KESAVA PILLAI:

29. To reduce the allotment of Rs. 85,135 for establishment by Re. 1.

MR. TAMARAPALLIL KOCHUTOMMAN:

30. To reduce the allotment of Rs. 85,135 for establishment by Re. 1.

MR. MURUVELIL PACHU PILLAI:

31. To reduce the allotment of Rs. 85,135 for establishment by Re. 1.

MR. A. C. KURIAKOSE:

32. To reduce the allotment of Rs. 85,135 for establishment by Rs. 100.

MR. A. C. KURIAKOSE:

33. To reduce the allotment of Rs. 20,000 for travelling allowance by Rs. 100.

MR. A. C. KURIAKOSE:

34. To reduce the allotment of Rs. 4,500 for rents by Rs. 5.

MR. P. S. MAHOMED:

35. To reduce the allotment of Rs. 88,466 for Division Cutcherries by Rs. 10.

MR. K. MADHAVAN PILLAI:

36. To reduce the allotment of Rs. 88,466 for Division Cutcherries by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. KRISHNA PILLAI :

37. To reduce the allotment of Rs. 88,466 for Division Cutcherries by Rs. 100.

MR. MATTHEW MURIKKAN :

38. To reduce the allotment of Rs. 88,466 for Division Cutcherries by Rs. 100.

MR. V. J. OOMMEN :

39. To reduce the allotment of Rs. 88,466 for Division Cutcherries by Rs. 100.

MR. TAMARAPALLIL KOCHUTOMMAN :

40. To reduce the allotment of Rs. 14,976 for treasurers by Rs. 5.

MR. TAMARAPALLIL KOCHUTOMMAN :

41. To reduce the allotment of Rs. 15,180 for the staff for sub-dividing big minor circuit areas in the Todupuzha and other taluks by Rs. 10.

MR. MURUVELIL PACHU PILLAI :

42. To reduce the allotment of Rs. 1,86,080 for establishment by Re. 1.

MR. MURUVELIL PACHU PILLAI :

43. To reduce the allotment of Rs. 1,86,080 for establishment by Re. 1.

MR. R. KESAVA PILLAI :

44. To reduce the allotment of Rs. 1,86,080 for establishment by Re. 1.

MR. A. C. KURIAKOSE :

45. To reduce the allotment of Rs. 1,86,080 for establishment by Rs. 100.

MR. A. C. KUKIAKOSE :

46. To reduce the allotment of Rs. 25,000 for travelling allowance by Rs. 100.

MR. TAMARAPALLIL KOCHUTOMMAN :

47. To reduce the allotment of Rs. 45,000 for improvement of markets by Rs. 5.

MR. A. C. KURIAKOSE :

48. To reduce the allotment of Rs. 45,000 for improvement of markets by Rs. 100.

MR. TAMARAPALLIL KOCHUTOMMAN :

49. To reduce the allotment of Rs. 13,000 for remuneration to copyists by Rs. 100.

MR. N. K. KRISHNA PILLAI :

50. To reduce the allotment of Rs. 3,17,348 for taluk Cutcherries by Rs. 10.

MR. A. G. MENON :

51. To reduce the allotment of Rs. 3,17,348 for Taluk Cutcherries by Rs. 10.

MR. V. J. OOMMEN :

52. To reduce the allotment of Rs. 3,17,348 for Taluk Cutcherries by Rs. 100.

MR. MATTHEW MURIKKAN :

53. To reduce the allotment of Rs. 3,17,348 for Taluk Cutcherries by Rs. 100.

MR. R. KESAVA PILLAI :

54. To reduce the allotment of Rs. 1,03,344 for Proverthikars by Re. 1.

MR. TAMARAPALLIL KOCHUTOMMAN :

55. To reduce the allotment of Rs. 1,03,344 for Proverthikars by Rs. 10.

MR. A. C. KURIAKOSE :

56. To reduce the allotment of Rs. 1,03,344 for Proverthikars by Rs. 100.

MR. A. THANU PILLAI :

57. To reduce the allotment of Rs. 2,83,550 for establishment by Re. 1.

MR. A. S. DAMODARAN ASAN :

58. To reduce the allotment of Rs. 2,83,550 for establishment by Rs. 5.

MR. R. RAMAN PILLAI :

59. To reduce the allotment of Rs. 3,07,750 for Proverthi Cutcherries by Re. 1.

MR. A. G. MENON :

60. To reduce the allotment of Rs. 3,07,750 for Proverthi Cutcherries by Re. 1.

MR. K. MADHAVAN PILLAI :

61. To reduce the allotment of Rs. 3,07,750 for Proverthi Cutcherries by Rs. 10.

MR. V. J. OOMMEN :

62. To reduce the allotment of Rs. 3,07,750 for Proverthi Cutcherries by Rs. 100.

MR. MATTHEW MURIKKAN :

63. To reduce the allotment of Rs. 3,07,750 for Proverthi Cutcherries by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN :

64. To reduce the allotment of Rs. 6,684 for Kandukrishi Cutcherries by Rs. 100.

MR. A. C. KURIAKOSE :

65. To reduce the allotment of Rs. 6,360 for Nelpura establishment by Rs. 100.

MR. ITTOOP ITTEECHAN :

66. To reduce the allotment of Rs. 14,914 for Kandukrishi Cutcherries and Nel puras by Rs. 5.

MR. A. C. KURIAKOSE :

67. To reduce the allotment of Rs. 80,232 for establishment by Rs. 100.

MR. P. S. MAHOMED :

68. To reduce the allotment of Rs. 16,562 for pay of field establishment by Rs. 30.

MR. K. P. NILAKANTA PILLAI :

69. To reduce the allotment of Rs. 44,423 for establishment by Rs. 10.

MR. A. C. KURIAKOSE :

70. To reduce the allotment of Rs. 44,423 for establishment by Rs. 100.

MR. G. P. NILAKANTA PILLAI :

71. To reduce total the allotmenyt of Rs. 9,25,788 under Demand I by Re. 1.

MR. G. P. NILAKANTA PILLAI :

72. To reduce the total allotment of Rs. 9,25,788 under Demand I by Re. 1.

MR. A. G. MENON :

73. To reduce the total allotment of Rs. 9,25,788 under Demand I by Re. 1.

MR. ITTOOP ITTEECHAN :

74. To reduce the total allotment of Rs. 9,25,788 under Demand I by Rs. 5.

MR. N. K. KRISHNA PILLAI :

75. To reduce the total allotment of Rs. 9,25,788 under Demand I by Rs. 10.

MR. P. S. MAHOMED :

76. To reduce the total allotment of Rs. 9,25,788 under Demand I by Rs. 100.

MR. ITTOOP ITTEECHAN :

77. To reduce the total allotment of Rs. 9,25,788 under Demand I by Rs. 100.

PRESIDENT : The question is that Demand I—for a sum of Rs. 9,25,788 less Rs. 5 which has been reduced by this House be sanctioned.?

The motion was carried and the grant was made.

PRESIDENT : The Council will now adjourn and meet tomorrow at 11·30 A. M.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated Deputy, President*) With your permission, Sir, I wish to bring to your notice, before the Council adjourns, a telegram that I received from Alleppey intimating to me that bus service from Alleppey has been stopped.

PRESIDENT : I have also got that telegram.

The Council adjourned at 5-1 P. M.

P. N. KRISHNA PILLAI
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly